**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1747** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് കോളേജുകളിലെ അധിക അദ്ധ്യാപക തസ്തികകളുടെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ ഇപ്പോൾ നിലനിൽക്കുന്ന അധിക അദ്ധ്യാപക തസ്തികകൾ പുനർവിന്യസിക്കുന്നതിന് എടുത്ത നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ; | (എ) | അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ പി.ജി കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകിവന്നിരുന്ന രീതി 01.06.2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന അവസാന തസ്തിക/ സിംഗിൾ ഫാക്കൽറ്റി എന്നിവയിലും 16 മണിക്കൂർ വർക്ക് ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക് ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, യു.ജി.സി എം. ഫിൽ കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350 ൽ പരം അധിക അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | അധിക തസ്തികകൾ നിലനിൽക്കുന്നതു മൂലം വിവിധ വിഷയങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസ്സർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി 2020നു ശേഷം ഒഴിവു വന്ന തസ്തികകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യണമെങ്കിൽ സർക്കാരിന്റെ നയതീരുമാനം ആവശ്യമാണെന്നിരിക്കെ പ്രസ്തുത നയതീരുമാനം എടുക്കുവാനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) | അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ പി.ജി കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകിവന്നിരുന്ന രീതി 01.06.2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന അവസാന തസ്തിക/ സിംഗിൾ ഫാക്കൽറ്റി എന്നിവയിലും 16 മണിക്കൂർ വർക്ക് ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക് ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, യു.ജി.സി എം. ഫിൽ കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350 ൽ പരം അധിക അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | അസി.പ്രൊഫസർ റാങ്ക് ലിസ്റ്റിൽ ആദ്യ റാങ്കുകാർക്ക് പോലും ജോലി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉന്നതബിരുദധാരികളായ ഈ യുവാക്കളുടെ ജീവൽപ്രശ്നം പരിഹരിക്കാൻ നടപടികൾ കൈക്കൊള്ളുമോ; | (സി) | അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ പി.ജി കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകിവന്നിരുന്ന രീതി 01.06.2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന അവസാന തസ്തിക/ സിംഗിൾ ഫാക്കൽറ്റി എന്നിവയിലും 16 മണിക്കൂർ വർക്ക് ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക് ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, യു.ജി.സി എം. ഫിൽ കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350 ൽ പരം അധിക അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | അടുത്ത അക്കാദമിക് വർഷം ആരംഭിക്കുന്ന നാലുവർഷ ഡിഗ്രി കോഴ്സിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ വേണ്ടിവരുന്ന അധിക അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (ഡി) | നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അദ്ധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാതെ തന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്. സർവ്വകലാശാലകൾ സിലബസുകൾ തയ്യാറാക്കി കഴിയുമ്പോൾ ജോലിഭാരം സംബന്ധിച്ച് വ്യക്തത വരുന്നതാണ് . |
| (ഇ) | നാലുവർഷ ഡിഗ്രി കോഴ്സുകൾ നടപ്പിലാക്കുവാൻ ആകെ വേണ്ടി വരുന്ന അദ്ധ്യാപകരുടെ എണ്ണം ഉന്നത വിദ്യാഭാസ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; നാലു വർഷ ഡിഗ്രി കോഴ്സ് വരുന്നതോടെ, ഇപ്പോഴുള്ള അധിക അദ്ധ്യാപക തസ്തികകളെ പുനർവിന്യസിക്കാനുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളുമോ എന്നറിയിക്കാമോ; | (ഇ) | നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അദ്ധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാതെ തന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്. സർവ്വകലാശാലകൾ സിലബസുകൾ തയ്യാറാക്കി കഴിയുമ്പോൾ ജോലിഭാരം സംബന്ധിച്ച് വ്യക്തത വരുന്നതാണ് . |
| (എഫ്) | നാലുവർഷ ഡിഗ്രി കോഴ്സ് നിലവിൽ വരുമ്പോൾ വിവിധ വിഷയങ്ങളിലെ ഇല്ലാതാകുന്ന അധിക അദ്ധ്യാപക തസ്തികകളുടെ എണ്ണം ഉന്നത വിദ്യാഭാസവകുപ്പിന് ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ; | (എഫ്) | നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ അദ്ധ്യാപക തസ്തികകൾ ഒന്നും ഇല്ലാതാകുന്നില്ല. നിലവിലുള്ള അദ്ധ്യാപകരുടെ മുഴുവൻ ജോലി ഭാരവും സംരക്ഷിച്ചു കൊണ്ടുള്ള നാലു വർഷ കരിക്കുലം ആണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. |
| (ജി) | അധിക അദ്ധ്യാപക തസ്തികകളുടെ കാരണത്താൽ | (ജി) | ഇല്ല. |

| | | | |
|---|---|---|---|
| | റിട്ടയർമെന്റ് അടക്കമുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യരുതെന്ന നിർദ്ദേശം ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ കാലതാമസം കൂടാതെ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | | പി. ജി കോഴ്സുകൾക്ക് നൽകിവന്നിരുന്ന അധിക വെയിറ്റേജ് 01.06.2020 പ്രാബല്യത്തിൽ ഒഴിവാക്കിയതിനെത്തുടർന്ന് മതിയായ വർക്ക് ലോഡ് ഇല്ലാത്ത അധിക അദ്ധ്യാപക തസ്തികകൾ ക്രമീകരിക്കേണ്ടതുള്ളതിനാൽ വിവിധ വിഷയങ്ങളിൽ 01.06.2020 ന് ശേഷം ഉണ്ടായ ഒഴിവുകൾ പി. എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നില്ല. അധിക അദ്ധ്യാപക തസ്തികകൾ ക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ